1118/പ്രോജക്ട്/2013/ന്യൂ.ക്ഷേ.ഡ

## പത്ര പരസ്യം

## ന്യൂനപക്ഷ ഗവേഷണത്തിന് ഫെല്ലോഷിപ്പ്

തിരുവനന്തപുരം: ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് താല്പര്യമുള്ള ഗവേഷകരിൽ നിന്നും ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. ഉന്നത പഠന മേഖലകളിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശാനുപാതം, ന്യൂനപക്ഷ കേന്ദ്രീകൃത ചേരി പ്രദേശങ്ങളുടെ പുനരുദ്ധാരണം, പൊതു വിദ്യാഭ്യാസ- ഉന്നതവിദ്യാഭ്യാസ-പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്, ന്യൂനപക്ഷ കുടുംബങ്ങളിലെ പ്രശ്നങ്ങൾ, ന്യൂനപക്ഷ സമുദായങ്ങളുടെ വിഭവ സമാഹരണം, ന്യൂനപക്ഷങ്ങളുടെ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന മറ്റു വിഷയങ്ങൾ തുടങ്ങിയ മേഖലകളിലാണ് ഗവേഷണം നടത്തേണ്ടത്.അപേക്ഷകർ സോഷ്യോളജി, മാനേജ്മെന്റ്, സോഷ്യൽ വർക്ക്, എഡ്യൂക്കേഷൻ, സൈക്കോളജി, ആന്ത്രോപോളജി, ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, എക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ 55%-ൽ കുറയാത്ത മാർക്ക് ബിരുദാനന്തര ബിരുദത്തിന് ലഭിച്ചിരിക്കണം. എം.ഫിൽ / എം.എഡ് /പി.എച്ച്.ഡി വിദ്യാഭ്യാസമുള്ളവർക്ക് ഗവേഷണത്തിൽ മുൻഗണന നൽകും. അപേക്ഷകർ 22-65 വയസ്സിനിടയിൽ പ്രായമുള്ളവരായിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 50,000/- രൂപ ഫെല്ലോഷിപ്പ് നൽകും. ഒരു വർഷത്തിനകം ഗവേഷണം പൂർത്തീകരിച്ചിരിക്കണം. അപേക്ഷ പൂർണ്ണമായ ബയോഡേറ്റ സഹിതം 'ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033' എന്ന വിലാസത്തിൽ സെപ്റ്റംബർ 30-നകം ലഭിക്കേണ്ടതാണ്. അപേക്ഷിക്കുന്ന കവറിനു മുകളിൽ 'ന്യൂനപക്ഷ ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് -2013-14 ' എന്ന് പ്രത്യേകം എഴുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലോ 0471-2302090, 2300523 എന്ന നമ്പറിലോ ബന്ധപ്പെടുക.

**ഡയറക്ടർ**

## Focal Areas of Research

1. Enrollment ratio in higher education sector among the minority concentrated areas-(a) coastal areas (b) villages (c) towns
2. To identify slums and purampoku having minority concentration and submit alternate suggestions and schemes for their upliftment.
3. Drop outs in general education, higher education and professional courses.
4. Family problems in minority communities.
5. Resource management mobilisation among the minority communities.
6. Any other relevent subject related to redress the grievance and deficits to development, and needs of basic amenities of minorities.

എഫ്.എൻ 29/8